*"ഭരണഭാഷ - മാതൃഭാഷ"*

## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം:- പഞ്ചായത്ത് വകുപ്പ് - പാലക്കാട് ജില്ല- മണ്ണൂർ ഗ്രാമപഞ്ചായത്ത് -അനധികൃത കെട്ടിട നിർമ്മാണം - മുൻ സെക്രട്ടറി ശ്രീ.കെ.ഗോപിനാഥനെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

സൂചന:
1) ബഹു. സർക്കാരിന്റെ 30-07-2015 ലെ 377/ഇ.പി.ബി3/15/തസ്വഭവ നമ്പർ കത്ത്
2) ഈ ആഫീസിലെ 18-09-2015 ലെ ഡി10-27069/15 നമ്പർ കത്ത്
3) പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28-11-2015 ലെ എ3-10421/15 നമ്പർ കത്ത്
4) ഈ ആഫീസിലെ 17-12-2015 ലെ ഡി10-27069/15 നമ്പർ കത്ത്
5) ബഹു.സർക്കാരിന്റെ 07-04-2017 ലെ 377/ഇ.പി.ബി3/2015/തസ്വഭവ നമ്പർ കത്ത്
6) ഈ ആഫീസിലെ 19-05-2017 ലെ ഡി10-27069/15 നമ്പർ കുറ്റാരോപണ മെമ്മോ
7) 10-07-2017 ലെ ശ്രീ.കെ.ഗോപിനാഥന്റെ എതിർവാദ പത്രിക
8) പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09-10-2017 ലെ എ.വി.എസ് 8014/17 നമ്പർ കത്ത്
9) ശ്രീ.കെ.ഗോപിനാഥന്റെ 28-11-2017 ലെ അപേക്ഷയും നേരിൽ കേൾക്കലും

**ഉത്തരവ് നമ്പർ : ഡി 10/27069/15 തീയതി: 8.12.2017**

പാലക്കാട് ജില്ലയിലെ മണ്ണൂർ ഗ്രാമപഞ്ചായത്തിലെ അമാനത്ത് അൽ തൻവീർ അൽഖൈരിയ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയുടെ സ്ലാബ് പ്രൊജക്ഷൻ 1.20 മീറ്റർ ഒന്നാം നിലയുടെ വരാന്തയായി ഉപയോഗിക്കുന്നതിനാൽ കെട്ടിടത്തിന്റെ ഭാഗമാകുന്നു എന്നും കെട്ടിടവും റോഡും തമ്മിലുള്ള അകലം 1.80 മീറ്റർ മാത്രമാണെന്നും ഇതുമൂലം കെ.പി.ബി.ആർ ചട്ടം 28(1), 27(3) എന്നിവ ലംഘിക്കുന്നു എന്ന് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയ സെക്രട്ടറി ശ്രീമതി.അംബിക, ടി കെട്ടിടത്തിന് നമ്പർ നൽകിയ ശ്രീ.കെ.ഗോപിനാഥൻ എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നു.

മേൽവിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഈ ആഫീസിൽ നിന്നും കത്ത് നൽകിയിരുന്നു.

പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ താഴത്തെ നില നിർമ്മിച്ചതിന് സെക്രട്ടറി ശ്രീ.കെ.ഗോപിനാഥൻ നമ്പർ നൽകിയത് 20-10-2013 ലെ എൽ.എസ്.ജി.ഡി ഓവർസീയറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നും സ്ഥലപരിശോധന നടത്തിയതിൽ പാർക്കിംഗിനായി മാറ്റിവച്ച സ്ഥലത്ത് നിർമ്മാണം നടത്തിയത് കെട്ടിട നമ്പർ ലഭിച്ചിതിനു ശേഷം പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണെന്നും സെക്രട്ടറിയുടെ ഭാഗത്ത് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ഈ ആഫീസിൽ നിന്ന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

പരാമർശം (5) സർക്കാർ നിർദ്ദേശ പ്രകാരം ഈ ആഫീസിൽ നിന്ന് ശ്രീ.കെ.ഗോപിനാഥന് കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.കെ.ഗോപിനാഥൻ പരാമർശം (7) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (8) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

18-09-2011 ന് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയത് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി.അംബികയാണെന്നും എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.ഗോപിനാഥൻ താഴത്തെ നിലയ്ക്ക് രണ്ട് നമ്പറുകൾ അനുവദിച്ചിരുന്നുവെങ്കിലും ഒന്നാം നിലയുടെ പണി നടക്കുന്ന സമയത്ത് പരാതി ലഭിച്ചതിനെ തുടർന്ന് നിയമനടപടികൾ സ്വീകരിക്കുകയും താഴത്തെ നിലയ്ക്ക് അനുവദിച്ച രണ്ട് നമ്പരുകളും റദ്ദ് ചെയ്തു. ആയതിനാൽ ശ്രീ.കെ.ഗോപിനാഥന്റെ എതിർവാദ പത്രികയിലെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് പരാമർശം (8) പ്രകാരം പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

28-11-2017 ന് ശ്രീ.കെ.ഗോപിനാഥനെ നേരിൽ കേട്ട സമയത്തെ ടിയാന്റെ വാദങ്ങളും ടിയാൻ സമർപ്പിച്ച അപേക്ഷയും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുകൂല റിപ്പോർട്ടും പരിഗണിച്ച് ശ്രീ.കെ.ഗോപിനാഥനെതിരായി ഈ ആഫീസിൽ തുടർന്നു വന്നിരുന്ന അച്ചടക്കനടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

ശ്രീ.കെ.ഗോപിനാഥൻ
മുൻ സെക്രട്ടറി
മണ്ണൂർ ഗ്രാമപഞ്ചായത്ത്
(നിലവിൽ സീനിയർ സൂപ്രണ്ട്)
പി.എ.യു-2, ആലത്തൂർ
(പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്-

1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
(2 പകർപ്പുകൾ നൽകുന്ന ഉത്തരവ് നടപ്പിൽ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3) സെക്രട്ടറി, മണ്ണൂർ ഗ്രാമപഞ്ചായത്ത്
4) കരുതൽ/അധികം

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

വി.ജി/